March 2019 | Reg. No. ....................................... | **FY 49**

Name ...........................................

## Part - III

## ACCOUNTANCY WITH ANALYSIS OF FINANCIAL STATEMENTS

Maximum : 80 Scores

Time : **2½** Hours

Cool off time : **15** Minutes

***General Instructions to Candidates :***

- There is a 'Cool off time' of 15 minutes in addition to the writing time.
- Use the 'Cool off time' to get familiar with questions and to plan your answers.
- Read the instructions carefully.
- Read the questions carefully before answering.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary.
- Electronic devices except nonprogrammable calculators are not allowed in the Examination Hall.

**വിദ്യാർത്ഥികൾക്കുള്ള പൊതു നിർദ്ദേശങ്ങൾ:**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

**Answer all questions from 1 to 7.**
**Each carry one score.** **(7 × 1 = 7)**

1. Find the odd one among the given users of accounting information.
   a) Managers
   b) Creditors
   c) Tax Authorities
   d) Labour unions

2. The accounting concept behind creating provision for doubtful debts is ...........
   a) Consistency concept
   b) Conservatism concept
   c) Materiality concept
   d) Objectivity concept

3. The 'Book of Original Entry' is ........
   a) Cashbook
   b) Sales book
   c) Purchases book
   d) All of these

**1 മുതൽ 7 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 1 സ്കോർ വീതം.** **(7 × 1 = 7)**

1. താഴെ നൽകിയിരിക്കുന്ന അക്കൗണ്ടിംഗ് വിവരങ്ങൾ ഉപയോഗിക്കുന്നവരിൽ നിന്നും വേറിട്ടു നിൽക്കുന്നത് കണ്ടെത്തുക.
   a) മാനേജർമാർ
   b) ക്രെഡിറ്റേഴ്സ്
   c) നികുതി അധികാരികൾ
   d) തൊഴിലാളി സംഘടനകൾ

2. സംശയാസ്പദ കടത്തിനുള്ള കരുതൽ സൂക്ഷിക്കുന്നത് ഏത് അക്കൗണ്ടിംഗ് ആശയ പ്രകാരമാണ്?
   a) കൺസിസ്റ്റൻസി ആശയം
   b) കൺസർവെറ്റിസം ആശയം
   c) മെറ്റീരിയാലിറ്റി ആശയം
   d) ഒബ്ജക്ടിവിറ്റി ആശയം

3. 'പ്രാഥമിക രേഖപ്പെടുത്തൽ ബുക്ക്' ഏത്?
   a) ക്യാഷ്ബുക്ക്
   b) സെയിൽസ് ബുക്ക്
   c) പർച്ചേസ് ബുക്ക്
   d) ഇവയെല്ലാം

4. The overdraft amount as per passbook will be reduced when :

a) Encashment of cheque issued to a supplier.

b) Direct payment made by a customer to the bank.

c) Interest on overdraft charged by the bank.

d) All of these

5. Which among the following is a TRUE statement?

a) Provision is an appropriation of profit.

b) Maintaining reserve is compulsory for every business.

c) Provision created even if the business incurs losses.

d) Provision for discount on debtors is created to meet the bad debt losses.

6. A bill of exchange is to be accepted by .............

a) Debtor

b) Creditor

c) Drawer

d) Payee

4. പാസ്ബുക്ക് പ്രകാരമുള്ള ഓവർ ഡ്രാഫ്റ്റ് തുകയിൽ കുറവുണ്ടാക്കുന്ന ഇടപാട് ഏത്?

a) സപ്ലയർക്ക് നൽകിയ ചെക്ക് ബാങ്കിൽ നിന്നും പണമാക്കി.

b) ഒരു ഉപഭോക്താവ് ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് പണം അടച്ചു.

c) ഓവർഡ്രാഫ്റ്റിന് പലിശ ഈടാക്കി.

d) ഇവയെല്ലാം

5. നൽകിയിട്ടുള്ളവയിൽ **ശരിയായ** വാക്യം ഏത്?

a) ലാഭം വീതിച്ചുനൽകലാണ് പ്രൊവിഷൻ.

b) റിസർവ്വ് എല്ലാ ബിസിനസുക ൾക്കും നിർബന്ധമാണ്.

c) ബിസിനസിന് നഷ്ടമാണെങ്കിലും പ്രൊവിഷൻ മാറ്റിവെയ്ക്കാറുണ്ട്.

d) ഡെബ്റ്റേഴ്സ് കിഴിവിനുള്ള പ്രൊവിഷൻ കിട്ടാക്കടത്തിന്റെ നഷ്ടം നികത്തുവാനാണ്.

6. ഒരു വിനിമയ ബിൽ അംഗീകരിച്ച് നൽകുന്നത് ആര്?

a) ഡെബ്റ്റർ

b) ക്രെഡിറ്റർ

c) ഡ്രോയർ

d) പേയി

7. Prepaid salary is treated as :

a) Expenses

b) Income

c) Asset

d) Liability

7. മുൻകൂർ ശമ്പളത്തെ കണക്കിലെടുക്കുന്നത് ഏത് ഇനമായാണ്?

a) ചെലവ്

b) വരുമാനം

c) ആസ്തി

d) ബാധ്യത

8. Match the column '**A**' with '**B**'. **(5 × 1 = 5)**

8. കോളം **A** കോളം **B** യുമായി ചേരുംപടി ചേർത്ത് എഴുതുക. **(5 × 1 = 5)**

| A | | B | |
|---|---|---|---|
| a) | Direct Expenses<br>നേരിട്ടുള്ള ചെലവുകൾ | i) | Tally / Ex / Sage<br>ടാലി/ഇഎക്സ്/സാഗ് |
| b) | Total Debtors Account<br>ആകെ ഡെബ്റ്റേഴ്സ് അക്കൗണ്ട് | ii) | Libre Office Base / MS Access<br>ലിബ്ര ഓഫീസ് ബേസ്/എം.എസ്. അക്സസ് |
| c) | Accounting software<br>അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ | iii) | Credit sales<br>ക്രെഡിറ്റ് സെയിൽസ് |
| d) | Identifier<br>ഐഡെൻന്റിഫയർ | iv) | Carriage inwards<br>കാര്യേജ് ഇൻവേർഡ്സ് |
| e) | DBMS<br>ഡി.ബി.എം.എസ്. | v) | Key attribute<br>കീ ആട്രിബ്യൂട്ട് |

**Answer any four questions from 9 to 13. Each carries two scores.** **(4 × 2 = 8)**

9. List out any four qualitative characteristics possessed by the accounting information to be useful for decision making.

10. The stationery items purchased for business use are treated as an expense and not shown as an asset in the books of accounts.
    a) Identify the guiding concept of this accounting treatment.
    b) Give any other example of observing this accounting concept.

11. From the given list, identify the type of errors which cause disagreement in Trial Balance.
    a) Purchases return book overcast by Rs. 200/-.
    b) Credit sales of Rs. 2,000/- omitted to be recorded in the sales book.
    c) Purchase of furniture on credit for Rs. 8,000/- wrongly passed through the purchases book.
    d) Cash sales of Rs. 3,000/- recorded in cash book omitted to be posted to the sales account.

**9 മുതൽ 13 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(4 × 2 = 8)**

9. തീരുമാനങ്ങൾ എടുക്കുന്നതിന് ഉപകാരപ്രദമാകുന്ന, അക്കൗണ്ടിംഗ് വിവരങ്ങൾക്ക് ഉണ്ടായിരിക്കേണ്ട ഏതെങ്കിലും നാല് ഗുണസവിശേഷതകൾ എഴുതുക.

10. ബിസിനസ്സിൽ ഉപയോഗിക്കുന്നതിനായി സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നത് ആസ്തിയായി കണക്കിലെടുക്കാതെ ഒരു ചെലവായി പരിഗണിക്കുന്നു.
    a) ഇത് ഏത് അക്കൗണ്ടിംഗ് ആശയത്തിന് അനുസ്പിതമാണ്?
    b) ഈ ആശയം അനുവർത്തിക്കുന്നതിന് മറ്റൊരു ഉദാഹരണം നൽകുക.

11. നൽകിയിട്ടുള്ള തെറ്റുകളിൽ ട്രയൽ ബാലൻസിൽ വ്യതിയാനമുണ്ടാക്കുന്നവ മാത്രം തിരഞ്ഞെടുത്ത് എഴുതുക.
    a) പർച്ചേസ് റിട്ടേൺ ബുക്കിന്റെ ആകെ തുക നിർണ്ണയിച്ചപ്പോൾ 200 രൂപ കൂടുതലാണ്.
    b) ക്രെഡിറ്റ് സെയിൽസ് 2,000 രൂപ സെയിൽസ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.
    c) കടമായി ഫർണിച്ചർ വാങ്ങിയതിന്റെ 8,000 രൂപ പർച്ചേസ് ബുക്കിൽ രേഖപ്പെടുത്തി.
    d) ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള 3,000 രൂപയുടെ രൊക്കം പണത്തിനുള്ള വില്പന സെയിൽ അക്കൗണ്ടിലേക്ക് പതിക്കാൻ വിട്ടുപോയി.

**12.** On January 1, 2018 Amal sold goods, having list price of Rs. 15,000/- at a trade discount of 10%, on credit to Benny. On the same day, Amal draws a three months after date bill for the due amount in favour of Benny. The bill was duly accepted and returned by Benny. Based on the given case find out :

a) The amount of bill.

b) The date of maturity of bill.

**12.** ജനുവരി-1, 2018 ന് 15,000 രൂപ ലിസ്റ്റ് വിലയുള്ള സാധനങ്ങൾ 10% കിഴിവിൽ അമൽ തന്റെ ഇടപാടുകാരനായ ബെന്നിക്ക് കടമായി വിൽക്കുന്നു. അതേ ദിവസംതന്നെ പ്രസ്തുത തുകക്കുള്ള മൂന്നു മാസ കാലാവധിയുള്ള ഒരു വിനിമയ ബില്ല് അമൽ തയ്യാറാക്കുന്നു. ഈ ബില്ല് യഥാവിധി ബെൻ അംഗീകരിച്ച് തിരിച്ച് നൽകുന്നു. ഇതിനെ അടിസ്ഥാനമാക്കി താഴെ പറയുന്നവ കണ്ടുപിടിക്കുക.

a) ബിൽ തുക.

b) ബില്ലിന്റെ പണം ലഭിക്കുന്ന തീയതി

**13.** List out the four essential functional areas or sub-systems of Management Information System (MIS).

**13.** മാനേജ്മെന്റ് വിവര സമ്പ്രദായ (MIS)ത്തിലെ നാല് പ്രധാന ഉപ സമ്പ്രദായങ്ങളുടെ പേര് എഴുതുക.

**Answer any five questions from 14 to 19. Each carries three scores.** **(5 × 3 = 15)**

**14 മുതൽ 19 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം.** **(5 × 3 = 15)**

**14.** Classify the following assets as current assets and fixed assets.

a) Machinery

b) Cash in hand

c) Debtors

d) Bills Receivable

e) Furniture

f) Motor vehicles

**14.** നൽകിയിരിക്കുന്ന ആസ്തികളെ സ്ഥിര ആസ്തി താത്ക്കാലിക ആസ്തി എന്നിവയായി തരംതിരിച്ചെഴുതുക.

a) മെഷിനറി

b) കൈവശമുള്ള പണം

c) ഡെബ്റ്റേഴ്സ്

d) ബിൽസ് റിസിവബിൾ

e) ഫർണിച്ചർ

f) മോട്ടോർ വാഹനങ്ങൾ

**15.** Distinguish between the 'Journal' and the 'Ledger'.

**15.** 'ജേർണൽ' 'ലെഡ്ജർ' എന്നിവ തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം?

**16.** Develop Accounting Equation for the following transactions :

a) Started a business with cash Rs. 80,000/- and furniture worth Rs. 20,000/-.

b) Goods purchased on credit Rs. 10,000/-.

c) Sold goods costing Rs. 4,000/-, for cash Rs. 5,000/-.

**16.** നൽകിയിരിക്കുന്ന ഇടപാടുകളുടെ അക്കൗണ്ടിംഗ് സമവാക്യം വികസിപ്പിച്ചെഴുതുക.

a) ബിസിനസ്സ് ആരംഭിക്കുന്നതിനായി 80,000 രൂപ പണമായും 20,000 രൂപ മൂല്യമുള്ള ഫർണിച്ചറായും കൊണ്ടുവന്നു.

b) സാധനങ്ങൾ കടമായി വാങ്ങിയത് 10,000 രൂപ.

c) 4,000 രൂപ മുടക്കുവിലയുള്ള സാധനങ്ങൾ 5,000 രൂപയ്ക്ക് വിറ്റു.

**17.** Name the source documents for recording transactions in the following special journals.

a) Purchases Book

b) Purchases Return Book

c) Sales Return Book

**17.** താഴെ നൽകിയിരിക്കുന്ന പ്രത്യേക ജേർണലുകളിൽ ഇടപാടുകൾ രേഖപ്പെടുത്തുന്നതിന് ഉപയോഗിക്കുന്ന ഉറവിട രേഖകളുടെ പേര് എഴുതുക.

a) പർച്ചേയ്സ് ബുക്ക്

b) പർച്ചേയ്സ് റിട്ടേൺ ബുക്ക്

c) സെയിൽസ് റിട്ടേൺ ബുക്ക്

**18.** Explain the various objectives of preparing a Trial Balance.

**18.** ഒരു ട്രയൽ ബാലൻസ് തയ്യാറാക്കുന്നതിന്റെ ലക്ഷ്യങ്ങൾ വിശദീകരിക്കുക.

**19.** The Trial Balance of Kavitha Traders as on 31/03/2018, shows Debtors of Rs. 81,000/- and Bad debts of Rs. 3,000/-. At the time of preparing the Final Accounts they decided to write off further bad debts of Rs. 1,000/- and to create a provision for doubtful debts at 6% of the debtors.

Pass the necessary journal entries for adjusting these items in the books of Kavitha Traders.

**19.** കവിതാ ട്രേഡേഴ്സിന്റെ 31/03/2018 ലെ ട്രയൽ ബാലൻസിൽ ഡെബ്റ്റേഴ്സ് 81,000 രൂപയും, കിട്ടാക്കടം 3,000 രൂപയും ഉൾപ്പെട്ടിട്ടുണ്ട്. വാർഷിക കണക്കുകൾ തയ്യാറാക്കുമ്പോൾ അധിക കിട്ടാക്കടം 1,000 രൂപയും സംശയാസ്പദ കടത്തിനുള്ള കരുതലായി ഡെബ്റ്റേഴ്സിന്റെ 6%-വും നീക്കിവെക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കവിതാ ട്രേഡേഴ്സിന്റെ ബുക്കിൽ ഇവയുടെ നീക്കുപോക്കുകൾക്കായുള്ള ജേർണൽ എൻട്രികൾ എഴുതുക.

**Answer any three questions from 20 to 23. Each carries four scores.** **(3 × 4 = 12)**

**20 മുതൽ 23 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(3 × 4 = 12)**

**20.** Explain the implications of the following accounting concept.

a) Business entity concept

b) Dual aspect concept

c) Matching concept

d) Full disclosure concept

**20.** നൽകിയിരിക്കുന്ന അക്കൗണ്ടിംഗ് ആശയങ്ങൾ കണക്കുകളെ എങ്ങനെ ബാധിക്കുന്നുവെന്ന് വിശദീകരിക്കുക.

a) ബിസിനസ് അസ്തിത്വ ആശയം

b) ഇരട്ട രേഖപ്പെടുത്തൽ ആശയം

c) പൊരുത്തപ്പെടുത്തൽ ആശയം

d) പൂർണ്ണമായ വെളിപ്പെടുത്തൽ ആശയം

**21.** Write any four examples of transactions to be recorded in the 'Journal Proper'.

**21.** പൊതുവായ ജേർണലിൽ ഉൾപ്പെടുത്താറുള്ള ഇടപാടുകൾക്ക് നാല് ഉദാഹരണങ്ങൾ എഴുതുക.

**22.** Pass rectification entries for the following errors located in the books of a sole trader.

a) Sale of old furniture for Rs. 3,500/- recorded in the sales book.

b) Wages paid Rs. 2,000/- for the erection of a new machinery debited to the wages account.

c) Credit purchase of goods from Kumar Traders for Rs. 5,000/- was posted to the credit of Kamal Traders account.

d) Goods costing Rs. 3,200/- taken over by the proprietor for personal use was omitted to be recorded in the journal.

**22.** ഒരു ഏകാംഗ വ്യാപാരിയുടെ കണക്കു ബുക്കിൽ നിന്നും കണ്ടെത്തിയ ചില തെറ്റുകൾ നൽകിയിരിക്കുന്നു. ഇവയുടെ തിരുത്തൽ ജേർണൽ എൻട്രികൾ എഴുതുക.

a) 3,500 രൂപയുടെ പഴയ ഫർണിച്ചർ വിറ്റത് സെയിൽസ് ബുക്കിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

b) പുതിയ മെഷിനറി സ്ഥാപിക്കാനായി ചെലവഴിച്ച 2,000 രൂപ കൂലി ഇനത്തിൽ ഉൾപ്പെടുത്തി വേജസ് അക്കൗണ്ടിൽ ഡെബിറ്റ് ചെയ്തു.

c) കുമാർ ട്രേഡേഴ്സിൽ നിന്നും 5,000 രൂപയുടെ സാധനങ്ങൾ കടമായി വാങ്ങിയത് കമൽ ട്രേഡേഴ്സിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു.

d) ഉടമസ്ഥൻ സ്വകാര്യ ആവശ്യങ്ങൾക്ക് ബിസിനസ്സിൽ നിന്നും 3,200 രൂപയുടെ സാധനങ്ങൾ എടുത്തത് ജേർണലിൽ രേഖപ്പെടുത്തിയിട്ടില്ല.

**23.** Explain the two methods of arranging various items (Marshalling) in a Balance Sheet by giving suitable example.

**23.** ഒരു ബാലൻസ് ഷീറ്റിൽ വിവിധ ഇനങ്ങളെ ക്രമീകരിക്കുന്നതിനുള്ള (മാർഷലിങ്ങ്) രണ്ട് രീതികൾ ഉദാഹരണം നൽകി വിശദീകരിക്കുക.

**Answer any five questions from 24 to 29. Each carries five scores.** **(5 × 5 = 25)**

**24.** Prepare Rajan's account in the book of Gopal, by posting the following transactions and brought down its balance to the next month.

| 2018 March | | Rs. |
|---|---|---|
| 1 | Amount due from Rajan | 12,000 |
| 5 | Sold goods on credit to Rajan | 8,000 |
| 12 | Rajan returned goods worth | 1,000 |
| 21 | Received cash from Rajan | 5,000 |

**25.** Prepare a double column cash book from the following transactions for the month of January 2018.

| 2018 January | | Rs. |
|---|---|---|
| 1 | Cash in hand | 14,000 |
| | Cash at bank | 32,000 |
| 5 | Purchased goods for cash | 4,000 |
| 9 | Issued cheque to Rajesh | 8,000 |

**24 മുതൽ 29 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. 5 സ്കോർ വീതം.** **(5 × 5 = 25)**

**24.** ഗോപാലിന്റെ ബുക്കിൽ രാജന്റെ അക്കൗണ്ട് തയ്യാറാക്കി, നൽകിയിരിക്കുന്ന ഇടപാടുകൾ പതിച്ച് തുടർ മാസത്തെ പ്രാരംഭ നീക്കിയിരിപ്പ് കണ്ടുപിടിക്കുക.

| 2018 മാർച്ച് | | രൂപ. |
|---|---|---|
| 1 | രാജനിൽ നിന്നും ലഭിക്കാനുള്ള തുക | 12,000 |
| 5 | രാജന് കടത്തിൽ സാധനങ്ങൾ വിറ്റത് | 8,000 |
| 12 | രാജൻ സാധനങ്ങൾ മടക്കി നൽകിയത് | 1,000 |
| 21 | രാജനിൽ നിന്നും പണം ലഭിച്ചത് | 5,000 |

**25.** നൽകിയിരിക്കുന്ന ഇടപാടുകളിൽ നിന്നും 2018 ജനുവരി മാസത്തെ ഇരട്ടക്കോളം കാഷ് ബുക്ക് തയ്യാറാക്കുക.

| 2018 ജനുവരി | | രൂപ. |
|---|---|---|
| 1 | കൈവശമുള്ള പണം | 14,000 |
| | ബാങ്കിലുള്ള പണം | 32,000 |
| 5 | രൊക്കം പണത്തിന് സാധനങ്ങൾ വാങ്ങിയത് | 4,000 |
| 9 | രാജേഷിന് ചെക്ക് നൽകിയത് | 8,000 |

| | | |
|---|---|---|
| 15 | Cash withdrawn from bank for office use | 5,000 |
| 18 | Paid wages | 1,000 |
| 23 | Sold goods for cash | 6,000 |
| 27 | Cheque received from Mohan, deposited into bank | 7,000 |
| 30 | Paid salary by cheque | 3,000 |

| | | |
|---|---|---|
| 15 | ഓഫീസ് ആവശ്യത്തിന് ബാങ്കിൽ നിന്നും പണം പിൻവലിച്ചത് | 5,000 |
| 18 | കൂലി കൊടുത്തത് | 1,000 |
| 23 | സാധനങ്ങൾ രൊക്കം പണത്തിന് വിറ്റത് | 6,000 |
| 27 | മോഹനിൽ നിന്നു ലഭിച്ച ചെക്ക് ബാങ്കിൽ നൽകിയത് | 7,000 |
| 30 | ചെക്കിലൂടെ ശമ്പളം നൽകിയത് | 3,000 |

**26.** Prepare a Bank Reconciliation Statement as on 31/03/2018, from the given details :

a) Balance as per cash book Rs. 18,000/-.

b) Cheque issued but not presented for payment Rs. 6,000/-.

c) Cheque paid into bank, but not collected Rs. 9,000/-.

d) Interest on deposit credited in passbook only Rs. 200/-.

e) Insurance premium paid by bank not recorded in cash book Rs. 1,000/-.

**26.** വിശദാംശങ്ങളിൽ നിന്നും 31/03/2018 ലെ ബാങ്ക് അനുരഞ്ജനപ്പട്ടിക തയ്യാറാക്കുക.

a) കാഷ് ബുക്ക് ബാലൻസ് 18,000 രൂപ.

b) ചെക്ക് നൽകിയത് ബാങ്കിൽ സമർപ്പിക്കാത്തത് 6,000 രൂപ.

c) ബാങ്കിൽ നൽകിയ ചെക്ക് തുക അക്കൗണ്ടിൽ വരവ് വെയ്ക്കാനുള്ളത് 9,000 രൂപ.

d) നിക്ഷേപത്തിന്റെ പലിശ പാസ് ബുക്കിൽ മാത്രം ക്രെഡിറ്റ് ചെയ്തത് 200 രൂപ.

e) ബാങ്ക് ഇൻഷുറൻസ് പ്രീമിയം അടച്ചത് കാഷ് ബുക്കിൽ രേഖപ്പെടുത്താനുള്ളത് 1,000 രൂപ.

27. Arun Traders purchased a machinery by paying Rs. 30,000/- on 01/04/2015. They decided to write off depreciation @ 10% per annum under the fixed installment method. On 01/04/2016 machinery having original cost of Rs. 10,000/- was sold out at its book value. On 01/04/2017 another machinery was purchased for Rs. 15,000/-. Prepare the Machinery account for the first three years.

27. 01/04/2015-ന് അരുൺ ട്രേഡേഴ്സ് 30,000 രൂപയുടെ മെഷിനറി വാങ്ങി. ഇതിന് 10% വാർഷിക നിരക്കിൽ നേർരേഖാ രീതിയിൽ മൂല്യക്ഷയം കണക്കാക്കാൻ തീരുമാനിക്കുന്നു. 01/04/2016 ന് ഇതിൽ നിന്നും 10,000 രൂപയ്ക്ക് വാങ്ങിയ മെഷിനറി ബുക്കിലുള്ള വിലയ്ക്ക് വിൽക്കുന്നു. 01/04/2017 ന് 15,000 രൂപയ്ക്ക് പുതിയ മെഷിനറി വാങ്ങുകയും ചെയ്തു. നൽകിയിട്ടുള്ള വിശദാംശങ്ങളിൽ നിന്നും ആദ്യ മൂന്നു വർഷത്തെ മെഷിനറി അക്കൗണ്ട് തയ്യാറാക്കുക.

28. Anu sold goods worth Rs. 60,000/- to Beena on March 1, 2018. For ensuring the payment, Anu draws a two months bill on the same day and Beena duly accepted and returned it. On March 4, 2018, this bill was discounted by Anu with her bank at a discount of 10% per annum. But on the due date the bill was dishonoured for nonpayment.

Pass the journal entries of the bill transactions in the books of Anu.

28. മാർച്ച് 1, 2018 ന് അനു കടമായി 60,000 രൂപയുടെ സാധനങ്ങൾ ബീനയ്ക്ക് വിൽക്കുന്നു. അതേ ദിവസം തന്നെ പ്രസ്തുത തുകയ്ക്കുള്ള ഒരു വിനിമയ ബിൽ അനു തയ്യാറാക്കി, ബീന സ്വീകരിച്ച് തിരികെ നൽകുന്നു. മാർച്ച് 4, 2018 ന് ഈ ബില്ല് അനു ബാങ്കിൽ 10% വാർഷിക നിരക്കിൽ ഡിസ്കൗണ്ട് ചെയ്യുന്നു. എന്നാൽ പണം നൽകാതെ ബീന ബില്ല് നിരാകരിക്കുന്നു.

അനുവിന്റെ ബുക്കിൽ ബിൽ ഇടപാടിന്റെ ജേർണൽ എൻട്രികൾ എഴുതുക.

**29.** Mrs. Sundas started a coolbar on April 1, 2017 with a capital investment of Rs. 1,00,000/-. She did not maintain her books of accounts as per the double entry system. During the year she introduced further capital of Rs. 30,000/- and withdraw Rs. 20,000 for personal purposes. On March 31, 2018 her financial position was as follows.

| | Rs. |
|---|---|
| Total creditors | 1,00,000 |
| Bank loan | 80,000 |
| Total debtors | 50,000 |
| Furnitures | 2,00,000 |
| Stock | 50,000 |
| Cash in hand | 12,000 |
| Cash at bank | 18,000 |

Calculate the profit or loss made by Mrs. Sundas during the first year of running the business, by using the Statement of Affairs Method.

**29.** ശ്രീമതി. സുന്ദാസ് 1,00,000 രൂപ മൂലധന നിക്ഷേപവുമായി ഏപ്രിൽ 1, 2017 ന് ഒരു കൂൾബാർ ആരംഭിച്ചു. എന്നാൽ ഇരട്ട രേഖപ്പെടുത്തൽ രീതിയിൽ സ്ഥാപനത്തിന്റെ കണക്കുകൾ സൂക്ഷിക്കുന്നില്ല. നടപ്പ് വർഷം 30,000 രൂപ അധിക മൂലധനമായ് കൊണ്ടു വരുകയും 20,000 രൂപ സ്വകാര്യ ആവശ്യങ്ങൾക്ക് ബിസിനസിൽ നിന്നും പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. മാർച്ച് 31, 2018 ലെ അവരുടെ സാമ്പത്തിക സ്ഥിതി താഴെ നൽകിയിരിക്കുന്നു.

| | (രൂപ) |
|---|---|
| ആകെ ക്രെഡിറ്റേഴ്സ് | 1,00,000 |
| ബാങ്ക് വായ്പ | 80,000 |
| ആകെ ഡെബ്റ്റേഴ്സ് | 50,000 |
| ഫർണിച്ചറുകൾ | 2,00,000 |
| സ്റ്റോക്ക് | 50,000 |
| കൈവശമുള്ള പണം | 12,000 |
| ബാങ്കിലുള്ള പണം | 18,000 |

സുന്ദാസിന്റെ ബിസിനസ്സിന്റെ ആദ്യ വർഷത്തെ ലാഭം/നഷ്ടം, ധനകാര്യ പട്ടികാരീതി ഉപയോഗിച്ച് കണ്ടുപിടിക്കുക.

**Answer any one question from 30 to 31. which carries eight scores.** **(1 × 8 = 8)**

**30 ഉം 31 ഉം ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക. 8 സ്കോർ വീതം.** **(1 × 8 = 8)**

**30.** Prepare the Trading and Profit and Loss account and Balance Sheet from the given Trial Balance and additional information.

**30.** നൽകിയിട്ടുള്ള ട്രയൽ ബാലൻസ്, അധിക വിവരങ്ങൾ എന്നിവയിൽ നിന്നും ബിസിനസ്സിന്റെ വ്യാപാര ലാഭ-നഷ്ട കണക്ക് ബാലൻസ് ഷീറ്റ് എന്നിവ തയ്യാറാക്കുക.

Trial Balance as on 31/03/2018 / 31/03/2018–ലെ ട്രയൽ ബാലൻസ്

| Account Title<br>അക്കൗണ്ടിന്റെ പേര് | Debit (Rs)<br>ഡെബിറ്റ് (രൂപ) | Credit (Rs)<br>ക്രെഡിറ്റ് (രൂപ) |
|---|---|---|
| Capital<br>ക്യാപിറ്റൽ | – | 60,000 |
| Machinery<br>മെഷിനറി | 27,000 | – |
| Debtors<br>ഡെബ്റ്റേഴ്സ് | 21,600 | – |
| Drawings<br>ഡ്രോയിങ്ങ്സ് | 2,700 | – |
| Purchases<br>പർച്ചേയ്സ് | 58,500 | – |
| Sales<br>സെയിൽസ് | – | 73,500 |
| Creditors<br>ക്രെഡിറ്റേഴ്സ് | – | 1,400 |

| | | |
|---|---|---|
| Bills payable<br>ബിൽസ് പേയബിൾ | – | 2,800 |
| Wages<br>വേജസ് | 15,000 | – |
| Sundry expenses<br>സൺട്രി എക്സ്പെൻസുകൾ | 600 | – |
| Rent and Taxes<br>റെന്റ് ആൻഡ് ടാക്സ്സ് | 1,350 | – |
| Carriage inwards<br>കാരേജ് ഇൻവേർഡ്സ് | 450 | – |
| Cash in hand<br>കാഷ് | 4,500 | – |
| Opening stock<br>ഒപ്പണിങ്ങ് സ്റ്റോക്ക് | 6,000 | – |
| | 1,37,700 | 1,37,700 |

Additional information :

a) Closing stock is valued at Rs. 18,000/-.

b) Wages outstanding Rs. 2,000/-.

c) Prepaid rent Rs. 350/-.

d) Write off Rs. 1,600/- as bad debts.

e) Create a provision for doubtful debts at 5% of the debtors

അധിക വിവരങ്ങൾ:–

a) ക്ലോസിങ്ങ് സ്റ്റോക്കിന്റെ മൂല്യം നിശ്ചയിച്ചിരിക്കുന്നത് 18,000 രൂപ ആയിട്ടാണ്.

b) കുടിശ്ശിക വേജസ് 2,000 രൂപ.

c) റെന്റ് മുൻകൂട്ടി നൽകിയത് 350 രൂപ.

d) കിട്ടാക്കടമായി 1,600 രൂപ കണക്കിലെഴുതണം.

e) സംശയാസ്പദ കടത്തിനുള്ള കരുതലായി ഡെബ്റ്റേഴ്സിന്റെ 5% മാറ്റി വെയ്ക്കണം.

**31.** Explain any eight adjustments usually needed to ensure that the final accounts reveal the true profit or loss and the true financial position of the business.

(**Hint** : The journal entries of various adjustments and their treatment in the final accounts should be included).

**31.** വാർഷിക ധനകാര്യ പത്രികകൾ ശരിയായ ലാഭ-നഷ്ടങ്ങളും സാമ്പത്തിക സ്ഥിതിയും കാണിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി സാധാരണ യായി പരിഗണിക്കേണ്ട നീക്കുപോക്കു കളിൽ ഏതെങ്കിലും 8 എണ്ണം വിശദമാക്കുക.

(**സൂചന** : വിവിധ നീക്കുപോക്കുകളുടെ ജേർണൽ എൻട്രികളും ഇവ എങ്ങനെ വാർഷിക ധനകാര്യ രേഖകളിൽ ഉൾപ്പെടുത്തുമെന്നും നൽകേണ്ടതാണ്)